നമ്പർ :- ഡി1-എസ്ഡബ്ല്യു/ടി/2015

തിയതി:- 07/03/19

# കേരള സർക്കാർ

## ജലസേചന (ചെറുകിട ജലസേചനം) വകുപ്പ്

## ദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി പാലക്കാട്ചെറുകിട ജലസേചനവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്കുവേണ്ടി 2019 മാർച്ച് 22 -ാം തിയ്യതി ഉച്ചയ്ക്ക് 3.00 മണി വരെ മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. ദർഘാസുകൾ താഴെ ഒപ്പിട്ടിട്ടുള്ള അധികാരിയുടെ ഓഫീസിൽ അന്നേ ദിവസം ഉച്ചയ്ക്ക് 3.30 മണിക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

| ക്രമ നം | ദർഘാ സ്നമ്പർ | പ്രവർത്തിയുടെപേരുംഅടങ്കൽതുകയും | ദർഘാസ്പ്രമാണത്തിന്റെ വില | നിരത ദ്രവ്യം | കരാറുകാരുടെ വിഭാഗം | പ്രവർത്തിയുടെ നിർമ്മാണ കാലാവധി |
|---|---|---|---|---|---|---|
| 1 | 5/2018 -19 | എസ്ഡിആർഎഫ് 2018-19 – പാലക്കാട്ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിലെ പാന്തൻതോട്ട തടയണയിൽ ചെളിനീക്കംചെയ്യുന്നപ്രവർത്തി. അടങ്കൽതുക:2,50,000/- | 525 + GST | 6250 | D യും അതിനുമുകളിലും | 3 മാസം |
| 2 | 6/2018 -19 | എസ്.ഡി.ആർ.എഫ് 2018-19 – പാലക്കാട്ജില്ലയിലെ തെങ്കര ഗ്രാമപഞ്ചായത്തിലെ ആനമൂളി കനാലിന്റെ വലതുകരയിൽ ചെയിനേജ് 0 / 00 KM മുതൽ 1 / 500 KM വരെ അറ്റകുറ്റപ്പണി ചെയ്യുന്ന പ്രവർത്തി. അടങ്കൽതുക:4,50,000/- | 945 + GST | 11250 | D യും അതിനുമുകളിലും | 3 മാസം |
| 3 | 7/2018 -19 | എസ്.ഡി.ആർ.എഫ്. 2018-19 –പാലക്കാട്ജില്ലയിലെ കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്തിലെ പാമ്പൻതോട് ഇറിഗേഷൻസ്കീമിന്റെ അറ്റകുറ്റപണി ചെയ്യുന്ന പ്രവർത്തി. അടങ്കൽതുക:4,50,000/- | 945 + GST | 11250 | D യുംഅതിനുമുകളിലും | 3 മാസം |

ദർഘാസ്പ്രമാണങ്ങൾ വിൽക്കുന്നത് : 18 / 03 / 2019 ഉച്ചയ്ക്ക് 1.00 മണി വരെ

ദർഘാസ്പ്രമാണങ്ങൾ സ്വീകരിക്കുന്നത് : 22 / 03 / 2019 ഉച്ചയ്ക്ക് 3.00 മണി വരെ

ദർഘാസ്പ്രമാണങ്ങൾ തുറക്കുന്നത് : 22 / 03 / 2019 ഉച്ചയ്ക്ക് 3.30 മണി വരെ

ദർഘാസ്പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കാര്യാലയത്തിൽ നിന്നും 2019 മാർച്ച് 18 –ാം തിയ്യതി ഉച്ചയ്ക്ക് 1 മണി വരെ ദർഘാസ്പ്രമാണങ്ങളുടെ വിലനിശ്ചിത ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ട്രഷറിയിൽ

പണമടച്ചു ചലാനുമായി രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ്പ്രമാണങ്ങൾ ജലസേചനവകുപ്പ്/ പൊതുമരാമത്തു വകുപ്പിലെ അംഗീകൃത കരാറുകാർക്കു മാത്രമേ ലഭിക്കുകയുള്ളൂ. കരാറുകാരൻ 'ഡി'ക്ലാസും അതിനുമുകളിലുമുള്ളവരായിരിക്കണം. ദർഘാസ്പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ആവശ്യമായ നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽ നിന്നോ നാഷണൽ സേവിംഗ് സ്സർട്ടിഫിക്കറ്റ് പോസ്റ്റ്ഓഫീസിൽ നിന്നോ, ഷെഡ്യൂൾ ബാങ്കിൽ നിന്നോ മാത്രം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്ക വിധത്തിൽ അധികാരപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ദർഘാസ്പ്രമാണങ്ങളുടെ വില അടച്ചാൽ യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസുകൾ രജിസ്റ്റേർഡ്തപാൽവഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർസർവീസ് വഴി അയയ്ക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. തപാൽ തകരാറുകൾ മൂലമോ മറ്റോ കാലതാമസം വന്നാൽ അതിന്ഡിപ്പാർട്ടുമെന്റ് ഉത്തരവാദിയാകുന്നതല്ല. 22.03.2019 ഉച്ചയ്ക്ക് 3 .00 മണിക്ക്ശേഷം ലഭിക്കുന്ന ദർഘാസുകളും ദർഘാസ് കവറിനു പുറത്ത്പ്രവർത്തിയുടെ പേരും നമ്പറും ആലേഖനം ചെയ്യാത്തവയും നിരസിക്കുന്നതാണ്.

കേരളപൊതുമരാമത്ത് / ജലസേചനവകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാവ്യവസ്ഥകളും കൂടാതെ കാലാകാലങ്ങളിൽ ഗവൺമെന്റ് നിഷ്കർഷിക്കുന്ന നിയമങ്ങൾക്കും നികുതികൾക്കും SDRF നിബന്ധനകൾക്കും ബാധകമായിരിക്കും. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8(2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ ഒരുശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകാൻ ബാധ്യസ്ഥനാണ്. ഓരോ പ്രവർത്തിക്കും സമർപ്പിക്കുന്ന ദർഘാസ്പ്രമാണങ്ങളോടൊപ്പം 200 / രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ടൈപ്പ്ചെയ്ത്പൂരിപ്പിച്ച് അടക്കം ചെയ്യേണ്ടതും അല്ലാത്തവ നിരസിക്കുന്നതുമായിരിക്കും.

Seena

സീന എ ഐ
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണ്ണർക്കു വേണ്ടി)

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കാര്യാലയം,
ചെറുകിട ജലസേചന വിഭാഗം
പാലക്കാട്
ഫോൺ നം. 0491 2578491